**"ഭരണഭാഷ - മാതൃഭാഷ"**

ക്യൂഐപി(1)/13862/2017/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 19.10.2017

## സർക്കുലർ

**വിഷയം:-** പൊതു വിദ്യാഭ്യാസം - 'ശ്രദ്ധ'പദ്ധതി സ്കൂളുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച്.

**സൂചന:-** 7.10.2017 ലെ ഇതേ നമ്പർ സർക്കുലർ.

പൊതു വിദ്യാഭ്യാസ വകുപ്പു നടപ്പിലാക്കുന്ന 'ശ്രദ്ധ' പദ്ധതിയുടെ സംഘാടനം സംബന്ധിച്ച മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2017 ഒക്ടോബർ 24 ന് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പദ്ധതിയുടെ ജില്ലാതല, സ്കൂൾതല ഉദ്ഘാടനം ഒക്ടോബർ 24 നും 27 നുമിടയിലുള്ള തീയതിയിൽ സ്കൂൾഅസംബ്ലി സമയത്ത് സംഘടിപ്പിക്കേണ്ടതാണ്.

ഉദ്ഘാടന ചടങ്ങിന്റെ സംഘാടനം സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ജില്ലാതല ഉദ്ഘാടനം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിലും, സ്കൂൾതല ഉദ്ഘാടനം പ്രഥമാദ്ധ്യാപകരുടെ നേതൃത്വത്തിലും നടത്തേണ്ടതാണ്. ഡയറ്റ് ഫാക്കൽറ്റികൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും തങ്ങളുടെ അധികാര പരിധിയിലെ ഏതെങ്കിലും ഒരു വിദ്യാലയത്തിലെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കേണ്ടതാണ്. ജില്ലാതല-വിദ്യാലയതല ഉദ്ഘാടനം സംഘടിപ്പിക്കുന്നതിനോടനുബന്ധിച്ച ആലോചനായോഗം ഡയറ്റുകളുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

ഒക്ടോബർ 28 മുതൽ ആരംഭിക്കുന്ന 'ശ്രദ്ധ' പദ്ധതി നടത്തിപ്പിനുവേണ്ട അക്കാദമിക പിന്തുണ നൽകേണ്ട ചുമതല ഡയറ്റുകൾക്കായിരിക്കും. ജില്ലയിലെ വിവിധ വിദ്യാലയങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ ഡയറ്റുകളുടെ ആഭിമുഖ്യത്തിൽ നടത്തേണ്ടതാണ്. ഇവയിൽനിന്നും മികച്ച പ്രവർത്തനങ്ങൾ തെരഞ്ഞെടുത്ത് സംസ്ഥാനതല ഡോക്യുമെന്റേഷനായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ ക്യൂ.ഐ.പി വിഭാഗത്തിലേയ്ക്ക് നൽകേണ്ടതാണ്. ഒ.എസ്.എം.എസ് പ്രവർത്തനത്തിന്റെ ഭാഗമായും വിദ്യാഭ്യാസ ഓഫീസർമാരുടെ സ്കൂൾ സന്ദർശനത്തിന്റെ ഭാഗമായും പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തേണ്ടതാണ്.

## ‘ശ്രദ്ധ’ - മികവിലേക്ക് ഒരു ചുവട്

| | | |
|---|---|---|
| **ഉദ്ഘാടനം** | : | ജില്ലാ / സ്കൂൾതലം |
| സമയം | : | സ്കൂൾ അസംബ്ലി സമയം |
| തീയതി | : | 24.10.2017 |

പങ്കെടുക്കുന്നവർ :

സ്കൂളിലെ മുഴുവൻ കുട്ടികൾ, തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ രക്ഷിതാക്കൾ / എസ്.എം.സി/പി.ടി.എ/ മദർ പി. ടി.എ അംഗങ്ങൾ, ജനപ്രതി നിധികൾ, അധ്യാപകർ.

ഉദ്ഘാടനവേദി :

തുറസായതും പ്രകാശമുള്ളതുമായ ഹാൾ / ഓഡിറ്റോറിയം / മരത്തണൽ, എല്ലാവർക്കും ഇരിക്കാനുള്ളത്രയും ഇരിപ്പിടങ്ങൾ. എല്ലാവരുടെയും ശ്രദ്ധ പതിയുന്നിടത്ത് ചിത്രങ്ങൾ പ്രദർശിപ്പിക്കാവുന്നത്ര വലുപ്പമുള്ള ക്യാൻവാസ് / ചാർട്ട് പ്രതലം, മൈക്ക്, വേദിയിൽ □ശ്രദ്ധ - മികവിലേക്ക് ഒരു ചുവട് □എന്ന ബാനർ.

സാമഗ്രികൾ :

എ4 പേപ്പർ ഒരു പായ്ക്കറ്റ്, വ്യത്യസ്ത നിറം സ്കെച്ച് പേനകൾ അടങ്ങിയ ചെറുബക്കറ്റ് (15 പേർക്ക് ഒരു ബക്കറ്റ് വീതം), മൊട്ടുസൂചി.

കാര്യപരിപാടി / പ്രവർത്തനം :

- പ്രാർത്ഥനയോടുകൂടി ആരംഭിക്കാം

  □ തിങ്കളും താരങ്ങളും തൂവെള്ളിക്കതിർ ചിന്നും
  തുംഗമാം വാനിൻചോട്ടിലാണെന്റെ വിദ്യാലയം□□..□
  പോലുള്ള കവിതകളും പ്രാർത്ഥനയായി ആലാപിക്കാം)

- സ്വാഗതഭാഷണം: കുട്ടികളുടെ കഴിവുകൾ, അഭിരുചികൾ, മൂല്യബോധം, വേ പിന്തുണ ലഭിച്ചാൽ ഏതൊരു കുട്ടിക്കും ഉാകാവുന്ന പുരോഗതിയും വികാസവും, കുട്ടികളുടെ നന്മകൾ എന്നിവയായിരിക്കണം സ്വാഗതഭാഷണത്തിന്റെ ഊന്നൽ. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ കാതലായ ഊന്നലാണ് എല്ലാവർക്കും തുല്യതയും പഠനനേട്ടം ഉറപ്പാക്കലും എന്നതിൽ ക്രോഡീകരിക്കാം.
- മറ്റ് പ്രസംഗങ്ങൾ ഈ ഘട്ടത്തിൽ ആവശ്യമില്ല.
- വരയ്ക്കാൻ പറയാം: അതിഥികൾക്കും കുട്ടികൾക്കും എല്ലാവർക്കും ഓരോ എ4 ഷീറ്റ് വീതം നൽകുന്നു. ക്ലാസ്സ് കൈകാര്യം ചെയ്യുന്ന അധ്യാപകർ/ അധ്യാപകൻ ചുവടെ ചേർത്ത നിർദ്ദേശങ്ങൾ ഓരോന്നായി പറയുന്നു. ഓരോ നിർദേശവും മനസിലാക്കാനും ചിത്രം വരയ്ക്കാനുമുള്ള സമയം നൽകിയശേഷം മാത്രം അടുത്ത നിർദ്ദേശം. ചിത്ര ത്തിന്റെ ഭംഗിയും ഘടനയും പ്രധാനമായി കരുതേതില്ല. എല്ലാവരും എല്ലാ ചിത്രവും വരയ്ക്കേതില്ല, മറിച്ച് ഓരോരു ത്തർക്കും പ്രസക്തമായ നിർദ്ദേശമാണെങ്കിൽ മാത്രം ചിത്രം വരയ്ക്കാം എന്ന നിർദേശം വ്യക്തമായി നൽകണം.
- കൂട്ടുകാരോടൊപ്പം കളിച്ചുതിമിർക്കാൻ ഇഷ്ടമുള്ളവർ ഒരു പന്തിന്റെ ചിത്രം വരക്കുക.
- പാട്ടു കേൾക്കാനും അതിനൊപ്പം മൂളാനും താല്പര്യമുള്ളവർക്ക് ഒരു ഓടക്കുഴൽ വരക്കാം.
- നീന്താൻ അറിയുന്നവർക്ക് ഒരു മീനിന്റെ ചിത്രം വരക്കാം.
- എനിക്കും നന്നായി പഠിക്കണം, വളരണം എന്ന ആഗ്രഹമുള്ളവർ ഒരു വലിയ മരത്തിന്റെ ചിത്രം.
- ഉത്തരം പറയാൻ കഴിയുന്ന ചോദ്യങ്ങൾ അധ്യാപകൻ ചോദിക്കുന്നത് ഇഷ്ടപ്പെടുന്നവർ ഒരു വലിയ □ശരി□ വരക്കുക.
- സ്കൂളിൽ വരാനും പഠിക്കാനും മടിയുള്ളവർക്ക് ഒരു കുട വരക്കാം.
- അധ്യാപകനോ, പ്രധാനാധ്യാപകനോ തന്നെക്കുറിച്ച് നല്ലത് പറയുമെന്ന പ്രതീക്ഷയുള്ളവർ ഒരു പക്ഷിയുടെ ചിത്രം വരക്കുക.
- □എന്റെ മകൻ / മകൾക്ക് വലിയ ഒരാളാകാൻ കഴിയും□ എന്ന ആഗ്രഹമുള്ള രക്ഷിതാക്കളുള്ളവർക്ക് ഒരു പൂവിന്റെ ചിത്രം വരക്കാം.

- എനിക്ക് ഒരു നല്ല വായനക്കാരനാകണം എന്ന ആഗ്രഹമുള്ളവർക്ക് ഒരു പുസ്തകം വരക്കാം.
- സ്വപ്നം കാണാൻ ഇഷ്ടപ്പെടുന്നവർ ചിരിക്കുന്ന ചന്ദ്രനെ വരക്കുക.

എല്ലാവരും വരച്ചുതീർന്ന ശേഷം പേരെഴുതാതെ ചിത്രങ്ങൾ കൈമാറാം. വിശിഷ്ടാഥിതികളിൽ ഒരാൾ തനിക്ക് കിട്ടിയ ചിത്രത്തിന്റെ ഉടമയെ, ചിത്രത്തിന്റെ സൂചനകൾവെച്ച് പരിചയപ്പെടുത്തുന്നു.

ശ്രദ്ധ പഠനകൂട്ടത്തിലെ കുട്ടികളുടെ ചിത്രം പ്രത്യേകം ശേഖരിച്ച് കൈ മാറാം. കുട്ടി വരച്ച ചിത്രം നോക്കി വിശിഷ്ട അതിഥി കുട്ടിയുടെ മികവ് പറയുന്നു.

(ഉദാ. പൂവിന്റെ ചിത്രം വരച്ച കുട്ടിയുടെ മികവ് പറയുന്നു.)

- പ്രകൃതിയിലെ സൗന്ദര്യം ആസ്വദിക്കാന് ഇഷ്ടപ്പെടുന്ന ചിത്രകാരനാണ്.
- പൂവുപോലുള്ള മനസ്സുള്ള ചിത്രകാരനാണ്.

(മരം വരച്ച കുട്ടിയെക്കുറിച്ച്)

- ജീവിതത്തിൽ ഉന്നതങ്ങളിൽ എത്താൻ ആഗ്രഹിക്കുന്ന ചിത്രകാരൻ
- കൂടെയുള്ളവർക്ക് തണലായി മാറാൻ ആഗ്രഹിക്കുന്ന വ്യക്തി.
- ഒരു പ്രകൃതി സ്നേഹിയായ ചിത്രകാരനാണ്.

***ചിത്രം വരച്ച കുട്ടിയെ അതിഥി അഭിനന്ദിക്കുന്നു. മറ്റുള്ളവർ കയ്യടിച്ച് അഭിനന്ദിക്കുന്നു.***

ഇതേപോലെ മറ്റ് അതിഥികൾ, പ്രധാനാദ്ധ്യാപകൻ, 2 -3 കുട്ടികൾ, രക്ഷിതാക്കൾ എന്നിവർകൂടി അവർക്ക് കിട്ടിയ ചിത്രത്തിന്റെ ഉടമയെ പരിചയപ്പെടുത്താം. അധ്യാപകർക്ക് ശ്രദ്ധ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുട്ടികളുടെ ചിത്രങ്ങൾ വർണ്ണിച്ചുകൊ് മികവി അവതരിപ്പിക്കുകയും ചെയ്യാം. തുടർന്ന് അധ്യാപകർ ചിത്രങ്ങൾ ശേഖരിച്ച് ക്യാൻവാസിൽ പിൻചെയ്യുന്നു.

ഉദ്ഘാടന ചടങ്ങ്
വിശിഷ്ടാഥിതികളുടെ പ്രസംഗം.
നന്ദി പ്രകടനം.
തീംസോങ്ങ് അവതരണം

<u>**ശ്രദ്ധ ഉദ്ഘാടന പരിപാടിയുടെ ഒരുക്കങ്ങൾ**</u>

- ശ്രദ്ധയുടെ ഉദ്ഘാടന പരിപാടി ഒരു ജനകീയ പരിപാടിയായി മാറണം.
- വിദ്യാലയ കൂട്ടായ്മയിൽ ആസൂത്രണം.
- പരിപാടി നടക്കുന്നതിന്റെ മുന്നോടിയായി സ്വാഗതസംഘം രൂപീകരിക്കാം.
- വിദ്യാലയത്തിന്റെ കവാടത്തിൽ ശ്രദ്ധ - മികവിലേക്ക് ഒരു ചുവട് വിദ്യാലയതല ഉദ്ഘാടന ബാനർ കരുതാം.
- വിദ്യാലയത്തിൽ പരിപാടിയുടെ പോസ്റ്റർ പതിക്കാം.
- ശ്രദ്ധ തീം സോംഗ് പരിപാടിയുടെ ഭാഗമായി അവതരിപ്പിക്കാം.
- ഉദ്ഘാടന പരിപാടിയുടെ ഫോട്ടോ ഡോക്യുമെന്റേഷൻ.
- ഉദ്ഘാടന റിപ്പോർട്ട് തയ്യാറാക്കണം.